**S 1710**

Sl. No.

# SSLC EXAMINATION, MARCH - 2022

## MALAYALAM

First Language - Paper II

Time : 1½ Hours

Total Score : 40

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് സമാശ്വാസ സമയം ഉണ്ടായിരിക്കും. ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- വ്യത്യസ്ത സ്കോറുകളുള്ള ചോദ്യങ്ങൾ വിവിധ പാർട്ടുകളിലായാണ് നൽകിയിരിക്കുന്നത്.
- ചോദ്യങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് 40 സ്കോർ ആയിരിക്കും പരമാവധി ലഭിക്കുക.

Score

### പാർട്ട് - I

**1 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം.**

**എ. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.** 4x1=4

1. പുതിയ അവസ്ഥയുമായി അമ്മ പതുക്കെപ്പതുക്കെ ഇണങ്ങി വരുന്നു.

   (ഓരോ വിളിയും കാത്ത്)

   കഥയിൽ സൂചിപ്പിച്ചിരിക്കുന്ന അമ്മയുടെ പുതിയ അവസ്ഥ എന്താണ് ?

   - വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നത്.
   - അച്ഛൻ ഇല്ലാത്ത വീട്ടിൽ അമ്മ ഒറ്റയ്ക്ക് താമസിക്കുന്നത്.
   - അച്ഛന്റെ വിളികൾക്ക് പിന്നാലെ പോകുന്നത്.
   - മകന്റെ കൂടെ നഗരങ്ങളിലേക്ക് പോയത്.

https://www.keralaboard.com

Score

2. 'എത്രയോ തലമുറകൾ ആ വൃദ്ധമുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്നു മധുരം തിന്നു വളർന്നു വൃദ്ധരായി <u>കാലയവനിക</u>യ്ക്കപ്പുറം മറഞ്ഞിരുന്നു.'
കാലയവനിക എന്ന പദം ശരിയായി വിഗ്രഹിച്ച് എഴുതിയത് ഏത് ?

- കാലവും യവനികയും
- കാലത്തിലെ യവനിക
- കാലമാകുന്ന യവനിക
- കാലത്തിനുള്ള യവനിക

3. 'അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു.'

(പ്ലാവിലക്കഞ്ഞി)

കോരന്റെ ഹൃദയത്തെ നോവിച്ച അപരാധബോധം എന്തായിരുന്നു ?

- അച്ഛനെ തനിച്ചാക്കി വിവാഹം കഴിച്ച് മറുനാട്ടിൽ പോയത്.
- വയറ്റിൽ സുഖമില്ലെന്ന് നടിച്ച് കിടന്നത്.
- രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന വൻവ്യാപാരങ്ങൾ കണ്ടത്.
- ചിരുത കഞ്ഞികുടിക്കാതെ മാറ്റിവെച്ചത്.

4. 'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ അമ്മയുടെ കണ്ണുകളെ സാദൃശ്യപ്പെടുത്തിയത് എന്തിനോടാണ് ?

5. 'ആർപ്പുവിളിക്കുവിനുണ്ണികളേ, യല-
കടലേ, മേന്മേൽ കുരവയിടൂ കൊ-
ച്ചരുവികളേ, ചെറുകന്യകളേ, ന-
ല്ലതിഥി നമുക്കിനിയാരിതുപോലെ ?'

(ഓണമുറ്റത്ത്)

ഇവിടെ അതിഥിയായി സങ്കല്പിച്ചിരിക്കുന്നത് ആരെയാണ് ?

6. അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.
മാവിനോടുള്ള പ്രേമം നാട്ടിൻപുറത്തെ കുട്ടികളിൽ കാണാം.
മാവിനോടുള്ള പ്രേമം കവികളിൽ കാണാം.

https://www.keralaboard.com

Score

**ബി. 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** 3x1=3

7. രാഷ്ട്രീയത്തിലെ നാലാമത്തെ മഹാശക്തിയായി കരുതുന്നത് എന്തിനെയാണ് ?

   പത്രം, നാടകം, സിനിമ, സീരിയൽ

   'അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ' –

8. അടിവരയിട്ട പദത്തിന്റെ ശരിയായ അർത്ഥ സൂചന എടുത്തെഴുതുക.

   അടയാളം, കൈമുദ്ര, എഴുത്ത്, മനസ്സിന്റെ മുദ്ര

9. മാതൃക പോലെ മാറ്റി എഴുതുക

   അങ്ങനെയാണ് - അങ്ങനെ + ആണ്

   തലയാട്ടി - ___________

## പാർട്ട് – II

**10 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വീതം.**

**എ. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** 1x2=2

10. ''ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവതം പൊട്ടാറായി നിൽക്കുകയാണ്.''

    അടിവരയിട്ട പ്രയോഗം നൽകുന്ന ആശയ സൂചന കുറിക്കുക.

**ബി. 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 1 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** 1x2=2

11. ''ബയനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ്'' – പത്രത്തെക്കുറിച്ചുള്ള നെപ്പോളിയന്റെ ഈ നിരീക്ഷണത്തിൽ തെളിയുന്ന രണ്ട് സൂചനകൾ കുറിക്കുക.

12. 'മൂന്നു പതിറ്റാണ്ടായി നൂലുകോർത്തു കുഴിഞ്ഞുപോയ കണ്ണുകൾ കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു.'

    (പണയം)

    അടിവരയിട്ട പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

https://www.keralaboard.com

Score

## പാർട്ട് – III

**13 മുതൽ 17 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം.**

**എ. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** 3x3=9

13. മരവും മനുഷ്യനും തമ്മിലുള്ള കേവലമായ ബന്ധമാണ് കൊച്ചുചക്കരച്ചിയും അമ്മയും തമ്മിലുണ്ടായിരുന്നത് – പ്രസ്താവനയും 'കൊച്ചുചക്കരച്ചി'യിലെ മറ്റു സന്ദർഭങ്ങളും പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

14. 'അവളുടെ മുഖം തെളിഞ്ഞു. അവൾ പേരയ്ക്കാ രണ്ടും വാങ്ങി. എന്നിട്ടു പുഞ്ചിരിയോടെ ഒന്ന് അവനു നീട്ടി' :
സൂചനയും പാഠഭാഗങ്ങളും പരിഗണിച്ച് 'കോഴിയും കിഴവിയും' എന്ന കഥയിലെ കുട്ടികളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

15.
- അച്ഛന്റെ മരണത്തോടുകൂടി വീട്ടിൽ നിന്ന് എന്തെല്ലാമോ ചോർന്നു പോയതുപോലെ.
- അച്ഛൻ പോയതോടുകൂടി വല്ലപ്പോഴുമൊന്നു കടുപ്പിച്ചു സംസാരിക്കാനുള്ള അവസരം അമ്മയ്ക്കു നഷ്ടപ്പെട്ടു.

(ഓരോ വിളിയും കാത്ത്)

അച്ഛന്റെ അസാന്നിദ്ധ്യം കഥയെ ഭാവതീവ്രമാക്കുന്നുണ്ടോ ? ലഘുകുറിപ്പെഴുതുക.

16. "പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ-
രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവും ത-
ന്നാവതുവേഗമയയ്ക്കാൻ നോക്കാം."

(ഓണമുറ്റത്ത്)

ഈ വരികൾ നൽകുന്ന അർത്ഥ സാധ്യതകൾ എന്തെല്ലാമെന്ന് കുറിക്കുക.

https://www.keralaboard.com

Score

**ബി. ചുവടെ നൽകിയിട്ടുള്ള ചോദ്യത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** 1x3=3

17. ''ആരു വായിക്കുമീ
 മായുമെഴുത്തുകൾ
 ആരുടെ നാവിലു-
 യിർക്കുമിച്ചൊല്ലുകൾ''

(അമ്മയുടെ എഴുത്തുകൾ)

ഈ വരികളിൽ മലയാള ഭാഷയെക്കുറിച്ചുള്ള എന്തൊക്കെ ആശങ്കകളാണ് കവി അവതരിപ്പിച്ചിരിക്കുന്നത് ?

**പാർട്ട് – IV**

**18 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം.**

**എ. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** 2x4=8

18. ''എത്ര നെല്ലു കൊയ്തു; മെതിച്ചു ! എത്ര കോടി ഉദരങ്ങൾ, ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു !''

''അവടെങ്ങും നെല്ലു കണി കാണാനില്ല ! ഒള്ളോൻ വെളീ കാണിക്കത്തില്ല.''

''അരിയിട്ടു തിളപ്പിച്ച കഞ്ഞി കുടിക്കണം - അവസാനത്തെ ആഗ്രഹം.''

(പ്ലാവിലക്കഞ്ഞി)

തന്നിരിക്കുന്ന സൂചനകളിലൂടെ അക്കാലത്തെ സാമൂഹികാവസ്ഥയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

19. മനുഷ്യർ മാത്രമല്ല, പ്രകൃതിയും ഓണത്തെ വരവേൽക്കാനായി കാത്തിരിക്കുന്നതിന്റെ ദൃശ്യങ്ങൾ 'ഓണമുറ്റത്ത് ' എന്ന കവിതയിലുണ്ട്.

സൂചനകൾ

- മലരിൻകൂട നിറച്ച തുമ്പ
- ദീപക്കുറ്റികൾ നാട്ടിയ മുക്കുറ്റികൾ
- പൂവരി തൂകിയ കമുക്

സൂചനകളും കവിതാഭാഗവും പരിഗണിച്ച് ഓണത്തെ വരവേൽക്കാനായി നിൽക്കുന്ന പ്രകൃതിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

https://www.keralaboard.com

Score

20. ''മെല്ലെത്തിരിഞ്ഞൊന്നു നോക്കി, പിറകിലെ സീറ്റിലുണ്ടമ്മ. വലത്തോട്ട് പൂർണമായ് ചാഞ്ഞ്, മടങ്ങി മയങ്ങിക്കിടക്കുന്നു. പീളയടിഞ്ഞ് നിറം പോയ കണ്ണുകളെന്തേയടയ്ക്കാതെവച്ചമ്മ നിർദയം ?''

'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ സമകാലിക പ്രസക്തിയെക്കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക.

**ബി. 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** 1x4=4

21. ''ഇതൊക്കെ കുട്ട്യോളട പോലെ നോക്കണ്ട സാധനങ്ങളാണേ. റേഡിയോടെ പിന്നില് നോക്ക്യാ അറിയാം, ഒരു കുട്ടീടെ പടം....''

''ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നുതാഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായൊരു പാട്ടിനു വേണ്ടി കാതോർത്തു.''

''ചാക്കുണ്ണിയുടെ തയ്യലിന്റെ രാത്രികൾ നീണ്ടു. അയാൾ വീട്ടിൽ മടങ്ങിയെത്തുമ്പോൾ റേഡിയോ പ്രക്ഷേപണം കഴിഞ്ഞിരുന്നു.''

(പണയം)

സൂചനകൾക്കൊപ്പം പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് ചാക്കുണ്ണി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എഴുതുക.

22. ''ശ്രീനാരായണ സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരാവശ്യമാകുന്നു.''

കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ഈ നിരീക്ഷണം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

https://www.keralaboard.com

Score

## പാർട്ട് – V

**23 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് 5 സ്കോർ വീതം.**

**എ. 23, 24 ചോദ്യങ്ങളിൽ 1 എണ്ണത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.** 1x5=5

23. ''സംഗതി വളരെ നിസ്സാരമായിരുന്നു'' – എന്ന വാചകത്തോടെയാണ് 'കോഴിയും കിഴവിയും' എന്ന കഥ തുടങ്ങുന്നത്. എന്നാൽ തുടർന്നുള്ള കാര്യങ്ങൾ അത്ര നിസ്സാരമല്ല.
– പ്രസ്താവന വിലയിരുത്തി 'കോഴിയും കിഴവിയും' എന്ന കഥയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

24. ''ഇത്രയും കാലം അച്ഛന്റെ ഓരോ വിളിക്കു പിന്നാലെയും അമ്മ ഓടുകയായിരുന്നു.''
''ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ....''

(ഓരോ വിളിയും കാത്ത്)

സൂചനകളും കഥയും പരിഗണിച്ച് കഥകളിലെ സ്ത്രീ ജീവിതം എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

-oOo-

https://www.keralaboard.com
Whatsapp @ 9300930012
Send your old paper & get 10/-
अपने पुराने पेपर्स भेजे और 10 रुपये पायें,
Paytm or Google Pay से

https://www.keralaboard.com